**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1398**

**കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ കൊണ്ടുവന്ന കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് എതിരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബില്ലിലെ ഏതൊക്കെ നിബന്ധനകളാണ് മത്സ്യത്തൊഴിലാളികൾക്ക് പ്രതിബന്ധമുണ്ടാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ കരട് ബില്ലിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടാവുന്ന പ്രതിബന്ധങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 12 നോട്ടിക്കൽ മൈലിന് അപ്പുറം 200 വരെയുള്ള പ്രദേശത്തെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിനുള്ള അവകാശം ആർക്കാണെന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.<br>2) നിയമ ലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവർക്ക് മാത്രമായിരിക്കും.<br>3) നിയമനലംഘനം വിഷയത്തിൽ തീരുമാന മെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവർ ക്കായിരിക്കും.<br>4) ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്കുള്ള അനുമതി നൽകുമോ എന്ന കാര്യത്തിൽ അജ്ഞത നിലനിൽക്കുന്നു.<br>5) നിയമന ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| | | | 6) മത്സ്യബന്ധന യാനം നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.<br>7) നിയമ ലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിച്ചിട്ടില്ല.<br>8) പങ്കാളിത്ത മാനേജ്മെന്റ് സംബന്ധിച്ച് പുതിയ ബില്ല് നിശബ്ദമാണ്. |
| (സി) | ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. ടി നിർദ്ദേശങ്ങളോട് അനുകൂലമായ പ്രതികരണമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ഡി) | പ്രസ്തുത ബില്ലിനെതിരെ മത്സ്യത്തൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭം നടത്തുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യത്തൊഴിലാളികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ കരട് ബില്ലിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**